# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5731 28.03.2018-ൽ മറുപടിയ്ക്ക്

## ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. ജോർജ്ജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി വർഷങ്ങളായി അവിടെ ജോലി ചെയ്യുന്നവർ ഉൾപ്പെടെ നിരവധി മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് സൗദി അറേബ്യയിലെ സ്വദേശി വൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ടിവരുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. കൂടാതെ പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവ് ഉണ്ടാകാനുള്ള സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് എത്തുന്നവരുടെ പുനരധിവാസത്തിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികളിലൂടെ ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൻ കീഴിൽ കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൻ കീഴിലുള്ള വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്. |
| സി) എങ്കിൽ ഇത്തരം വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ വിമുഖത കാട്ടുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ; | സി) ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾ മൂലം ഈ പദ്ധതിയുടെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവാസികൾ ഇൻഡ്യയ്ക്കും പ്രത്യേകിച്ച് കേരളത്തിനും നൽകിയ സാമൂഹിക സാമ്പത്തിക മേഖലകളിലെ വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് ഈ പദ്ധതിയുമായി സഹകരിക്കാൻ ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിച്ച് വരുന്നു. സർക്കാർ തലത്തിൽ ഇത് സംബന്ധമായ ചർച്ചകൾ സംഘടിപ്പിക്കുകയും എസ്.എൽ.ബി.സി യോഗങ്ങളിൽ ബാങ്കുകളുടെ നിസ്സംഗതയും നിസഹകരണവും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| ഡി) | വായ്പ അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിയ്ക്കുമോ ; വിശദമാക്കുമോ ? | ഡി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നോർക്ക റൂട്ട്സുമായി ഏർപ്പെട്ടിട്ടുള്ള ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയുമായി ധനകാര്യസ്ഥാപനങ്ങൾ സഹകരിച്ചുവരുന്നത്. വായ്പകൾ നല്കുന്നത് പൂർണ്ണമായും ബാങ്കിന്റെ അധികാര പരിധിയിലെ വിഷയമാണ്. അകാരണമായി വായ്പ നൽകാത്ത ബാങ്കുകളുടെ ഉന്നത അധികാരികളെ ഇക്കാര്യം അറിയിക്കുകയാണ് നിലവിൽ ചെയ്ത് വരുന്നത്. എന്നാൽ അപേക്ഷകർക്ക് സംരംഭകത്വത്തിലും മറ്റ് തൊഴിൽ മേഖലകളിലും തീവ്ര പരിശീലനം നൽകി സംരംഭകത്വ അവസരങ്ങൾ കണ്ടെത്തി നല്കി, ബാങ്കുകൾക്ക് ആവശ്യമായ രേഖകൾ തയ്യാറാക്കാൻ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ